**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4645** **19-03-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ പഞ്ചായത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗശല്യം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ജനവാസമേഖലയിലിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നല്കിയിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പെരുവണ്ണാമൂഴി കേന്ദ്രീകരിച്ച് സാറ്റലൈറ്റ് RRT രൂപീകരിക്കുകയും മുഴുവൻ സമയവും RRT യുടെ സേവനം ഉപയോഗപ്പെടുത്തി വരികയും ചെയ്യുന്നുണ്ട്.<br>പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ വരുന്നതുമായ രണ്ടാം ചീളി, ആലമ്പാറ, ഉണ്ടന്മൂല, പന്നിക്കോട്ടൂർ ഭാഗത്തും, ക്ലവ്വപ്പൊയിൽ, പെരുവണ്ണാമൂഴി, ചെങ്കോട്ടക്കൊല്ലി, സീതപ്പാറ, പയ്യാനിക്കോട്ട ഭാഗത്തും 10 വർഷങ്ങൾക്ക് മുമ്പേ സ്ഥാപിച്ച സൗരോർജ്ജവേലികൾക്ക് കാലപ്പഴക്കം സംഭവിച്ചതിനാൽ ആയതിനു പകരമായി 18 കി.മീ. ദൂരത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.<br>ജനപങ്കാളിത്തത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പനങ്ങാട് എന്നിവിടങ്ങളിലായി മൂന്ന് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നിലവിൽ വകുപ്പ് തലത്തിൽ നടന്നുവരുന്നതെന്ന് വിശദമാക്കുമോ? | (ബി) | നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ജനവാസമേഖലയിലിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നല്കിയിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പെരുവണ്ണാമൂഴി കേന്ദ്രീകരിച്ച് സാറ്റലൈറ്റ് RRT രൂപീകരിക്കുകയും മുഴുവൻ സമയവും RRT യുടെ സേവനം ഉപയോഗപ്പെടുത്തി വരികയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ വരുന്നതുമായ രണ്ടാം ചീളി, ആലമ്പാറ, ഉണ്ടന്മൂല, പന്നിക്കോട്ടൂർ ഭാഗത്തും, കൂവ്വപ്പൊയിൽ, പെരുവണ്ണാമൂഴി, ചെങ്കോട്ടക്കൊല്ലി, സീതപ്പാറ, പയ്യാനിക്കോട്ട ഭാഗത്തും 10 വർഷങ്ങൾക്ക് മുമ്പേ സ്ഥാപിച്ച സൗരോർജ്ജവേലികൾക്ക് കാലപ്പഴക്കം സംഭവിച്ചതിനാൽ ആയതിനു പകരമായി 18 കി.മീ. ദൂരത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പനങ്ങാട് എന്നിവിടങ്ങളിലായി മൂന്ന് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ